"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—ജീവനക്കാര്യം—ഡയാലിസിസിന് വിധേയരാകുന്നതിന് പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർക്ക് പ്രത്യേക ആകസ്മികാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്

സ.ഉ.(അച്ചടി) നം.5/2022/ഉ.ഭ.പ.വ. തീയതി, തിരുവനന്തപുരം, 09-06-2022

---

പരാമർശം:— സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 18.03.2021-ലെ ഇഡി2/6013/20/ഡിടിഇ നമ്പർ കത്ത്.

## ഉത്തരവ്

വൃക്ക സംബന്ധമായ അസുഖം കാരണം ഡയാലിസിസിന് വിധേയരാകുന്ന പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർക്ക് പ്രസ്തുത ദിവസങ്ങളിൽ പ്രത്യേക അവധി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുന്നുണ്ട്.

2. സർക്കാർ ടി ആവശ്യം വിശദമായി പരിശോധിച്ചു. ഡയാലിസിസിന് വിധേയരാകുന്ന ജീവനക്കാർക്ക് പ്രത്യേക ആകസ്മിക അവധി അനുവദിക്കുന്നതിന് കേരള സർവീസ് ചട്ട പ്രകാരം നിലവിൽ വ്യവസ്ഥയില്ല. കേരള പാർട്ട് ടൈം കണ്ടിജന്റ് സർവീസ് വിശേഷാൽ ചട്ട പ്രകാരവും ഡയാലിസിസിന് വിധേയരാകുന്ന പാർട്ട്-ടൈം ജീവനക്കാർക്ക് പ്രത്യേക ആകസ്മിക അവധി അനുവദിച്ചിട്ടില്ല. കൂടുതൽ ശാരീരികാധ്വാനം ആവശ്യമായി വരുന്നതും രോഗം പകരാനുള്ള സാധ്യത ഏറെയുള്ള സാഹചര്യങ്ങളിൽ ജോലി ചെയ്യുന്നവരും താരതമ്യേന കുറഞ്ഞ വരുമാനക്കാരുമായ പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ഡയാലിസിസ് ആവശ്യങ്ങൾക്ക് പ്രത്യേക ആകസ്മിക അവധി അനുവദിക്കുന്നത് മനുഷ്യത്വപരമാകുമെന്ന് കാണുന്നു.

3. മേൽ സാഹചര്യത്തിൽ, പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർക്ക് നിലവിൽ അനുവദിച്ചു വരുന്ന അവധികൾക്ക് പുറമേ അപ്രൂവ്ഡ് മെഡിക്കൽ ആഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഡയാലിസിസ് ആവശ്യങ്ങൾക്ക് മാത്രമായി ഒരു കലണ്ടർ വർഷത്തിൽ പരമാവധി 15 ദിവസം പ്രത്യേക ആകസ്മിക അവധി അനുവദിച്ച് ഉത്തരവാകുന്നു.

4. കേരള പാർട്ട് ടൈം കണ്ടിജന്റ് സർവീസ് വിശേഷാൽ ചട്ടത്തിൽ ആവശ്യമായ ഭേദഗതി പിന്നീട് വരുത്തുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. ആഷ തോമസ് ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

എല്ലാ വകുപ്പമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/
എല്ലാ ജില്ലാ കളക്ടർമാർക്കും.
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/
സെക്ഷനുകൾക്കും.
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/
ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ (ആമുഖ കത്ത് സഹിതം).
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്.
ഉന്നത വിദ്യാഭ്യാസ വകുപ്പ് (HEDN-G2/110/2021-HEDN പ്രകാരം).
ധനകാര്യ വകുപ്പ് (U.O. (f) 908362/EXP-C2/85/2021-FIN നമ്പർ ഫയൽ പ്രകാരം).
വിവര പൊതുജനസമ്പർക്ക (Web & New Media) വകുപ്പ് (പ്രചാരണത്തിന്).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.